DESPATCHED
11/01/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

**പുന്നൻ റോഡ്, തിരുവനന്തപുരം 695 001**
Tel 0471 2561613, 2561614, 2561615, Fax: 0471 2330920
Email:- sic.ker@nic.in

AP No. 705(3)/2021/SIC തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
File No. 6431/ SIC-G1/2021
(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 09/01/2023

ശ്രീ. ഇ.ആർ. സജീവ്
ഇടയാടിക്കുന്നുംപുറത്ത്,
കലയന്താനി പി.ഒ,
ആലക്കോട്, ഇടുക്കി - 685 588.
} അപ്പീൽ ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ആലക്കോട് ഗ്രാമപഞ്ചായത്ത് കാര്യാലയം,
കലയന്താനി പി.ഒ, ഇടുക്കി - 685 588.

അപ്പീൽ അധികാരി &
ഇടുക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
തൊടുപുഴ, ഇടുക്കി.
} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൻമേൽ കമ്മീഷന്റെ 2022 ഡിസംബർ മാസം 7-ാം തീയതിയിലെ ഉത്തരവ് പ്രകാരം പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ശ്രീ. രാജമോഹനൻ നായർ പി.എസ് നേരിൽ ഹാജരായി അദ്ദേഹം ബോധിപ്പിച്ച വിശദീകരണം തൃപ്തികരമല്ല. തന്റെ ഓഫീസിൽ രേഖകളും ഫയലുകളും ഉണ്ടായിരുന്നിട്ടും അപേക്ഷകന് ലഭ്യമാക്കാതിരുന്നത് സംബന്ധിച്ച് അദ്ദേഹത്തിന് പ്രത്യേകിച്ച് ഒന്നും പറയാനുണ്ടായില്ല. ഇത് കുറ്റകരമാണ്. ഈ കുറ്റത്തിന് വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ടിയാന് 10,000/- രൂപ (പതിനായിരം രൂപ) പിഴ ശിക്ഷിച്ച് ഉത്തരവാകുന്നു.

പരാമർശിത കാലയളവിലെ ആലക്കോട് ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായിരുന്ന ഇപ്പോഴത്തെ കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. രാജമോഹനൻ നായർ പി.എസ് 30/01/2023 നകം 10,000/- രൂപ (പതിനായിരം രൂപ മാത്രം) " 0070-60-118-99 Receipts Under Right to Information Act, 2005 " എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൾ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ടി തുക ടിയാന്റെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഇപ്രകാരം ഈ ഫയലിലെ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 2023 ജനുവരി മാസം 9-ാം തീയതി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി